PROCEEDINGS OF

THE KERALA LEGISLATIVE ASSEMBLY

First Session—1964

78589

Monday, the 2nd March 1964.

Vol. XVIII] OFFICIAL REPORT [No. 16

The Assembly met in the Assembly Chamber, Trivandrum at Eight of the clock on Monday, the 2nd March 1964, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day)

ORAL ANSWERS

Mr. Speaker : Questions and Answers. Question number 1 Shri C. K. Balakrishnan.

ഭൂമി വിതരണം

* 466. [1] ശ്രീ. സി. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വന്തമായി ഭൂമിയില്ലാത്ത ഹരിജൻകുടുംബങ്ങൾക്ക് ഭൂമി പൊന്നും വിലയ്ക്കെടുത്ത് വിതരണം നടത്തുന്ന ഒരു നടപടി ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ 1961—62, 1962-63, 1963-64 (ഡിസംബർവരെ) എത്ര ഏക്കർ സ്ഥലം ഗവണ്മെൻറ് പൊന്നുംവിലയ്ക്കെടുത്തു വിതരണം നടത്തി;

(സി) ഭൂമി പൊന്നുംവിലയ്ക്കെടുക്കുന്ന നടപടി പൂർത്തിയായതിനു ശേഷവും അർഹരായ ഹരിജൻകുടുംബങ്ങൾക്ക് ഭൂമി വീതിച്ചുകൊടുക്കാതിരുന്നിട്ടുള്ള സ്ഥിതി നിലവിലുണ്ടോ ;

(ഡി) തിരുവനന്തപുരത്ത് ശിങ്കാരത്തോപ്പ്, ഹരിജനങ്ങൾക്ക് താമസത്തിനായി നൽകിക്കഴിഞ്ഞോ ; ഇല്ലെങ്കിൽ കാരണമെന്ത് ; "

(ഇ) ഓരോ ഡിസ്ട്രിക്ടിലും ഹരിജനങ്ങൾക്ക് താമസസൗകര്യത്തിനായി എത്ര ഏക്കർ ഭൂമി വീതം പൊന്നുംവിലയ്ക്കെടുത്തിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഉണ്ട്.

(ബി, സി) 1961–62-ൽ 80 ഏക്കർ 52 സെൻറും,
1962–63-ൽ 92 ഏക്കർ 87 സെൻറും,
1963–64 (ഡിസംബർവരെ) 39 ഏക്കർ 72 സെൻറും
എടുത്തിട്ടുണ്ട്.

(സി) അപേക്ഷിച്ചവർക്കുള്ള ഭൂമിയുടെ ഭൂരിഭാഗവും വിതരണം നടത്തി കഴിഞ്ഞു. ബാക്കി സ്ഥലങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികളും നടന്നുകൊണ്ടിരിക്കുന്നു.

(ഡി) ശിങ്കാരത്തോപ്പ് കോളനി ഹരിജനങ്ങൾക്ക് താമസത്തിനായി കൊടുക്കാൻ വേണ്ട നടപടികളും എടുത്തുവരുന്നു.

(ഈ) വിവരം ശേഖരിച്ചുവരുന്നു.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : ശിങ്കാരത്തോപ്പ് ഹരിജനങ്ങൾക്കായി താമസസൗകര്യത്തിനു വീട്ടുകൊടുക്കുന്നതിനെ സംബന്ധിച്ച് കഴിഞ്ഞകൊല്ലവും ഇതേ മറുപടി തന്നെയാണു പറഞ്ഞത്. ഇങ്ങനെ അവർക്ക് ഭൂമി വീട്ടുകൊടുക്കുന്നതിനുള്ള കാലതാമസത്തിനു കാരണമെന്താണ് ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അവിടെയുള്ളവർക്ക് മാത്രമായി ഈ ഭൂമി മാത്രം വീതിച്ചുകൊടുത്താൽമതി എന്നു തീരുമാനിച്ചിരുന്നു എങ്കിൽ ഇത്രയും കാലതാമസം ഉണ്ടാകുമായിരുന്നില്ല. ആ ഏരിയാ ഹരിജനങ്ങൾക്കു വേണ്ടിയുള്ള ഹൗസിംഗ് സ്കീം അനുസരിച്ച് അവർക്ക് വേണ്ടതായ സൗകര്യം ചെയ്തുകൊടുക്കണം എന്നു കരുതി. അതിലേയ്ക്ക് ഇൻഡ്യാ ഗവണ്മെൻറിൻറെ പ്രത്യേകം അനുവാദം കിട്ടണം. അതിലേയ്ക്ക് ആവശ്യമായ നടപടികളും നടത്തിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് കാലതാമസം വന്നത്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഏതു ഹരിജൻ കുടുംബങ്ങൾക്കായിട്ടാണ് ഈ സ്ഥലം വീട്ടുകൊടുക്കാൻ പോകുന്നത് ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതിൻറെ ആകെ വിസ്തീർണ്ണം എട്ട് ഏക്കർ എൺപത്തിആറു സെൻറാണ്. സാധാരണ മുനിസിപ്പൽ അതിർത്തിക്കുള്ളിൽ 5 സെൻറും, അതിർത്തിക്കു പുറത്തു 10 സെൻറും വച്ചാണ് ഭൂമി വീട്ടുകൊടുക്കുന്നത്. അതനുസരിച്ച് ഈ സ്ഥലം എത്ര കുടുംബങ്ങൾക്കു വീതിച്ചുകൊടുക്കാൻ കഴിയുമോ അത്രയും കുടുംബങ്ങൾക്കു കൊടുക്കുന്നതാണ്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഹരിജനങ്ങളല്ലാത്ത കുടുംബങ്ങൾക്കും അവിടെ ഭൂമി കൊടുക്കാനുദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതുസംബന്ധിച്ചുള്ള തീരുമാനമൊന്നും എടുത്തുകഴിഞ്ഞിട്ടില്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : ഹരിജനങ്ങളുടെ ഇടയിൽ സ്വന്തമായി വീടുവയ്ക്കാൻ നിവൃത്തിയില്ലാത്ത എത്ര ഹരിജനകുടുംബങ്ങളുണ്ടെന്നു വല്ല കണക്കും ഗവണ്മെൻറ് എടുത്തിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അങ്ങനെ പ്രത്യേകമായിട്ടുള്ള സ്റ്റാറ്റിസ്റ്റിക്സ് ഒന്നും സൂക്ഷിച്ചിട്ടില്ല.

ശ്രീ. ടി കൃഷ്ണൻ : കൊല്ലം ഡിസ്ട്രിക്ടിൽ ഇങ്ങനെ ഹരിജനങ്ങൾക്കായി പതിച്ചുകൊടുത്തിട്ടുള്ള സ്ഥലം സ്റ്റേ ചെയ്തിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ആ കാര്യം പ്രത്യേകമായി ചോദിച്ചാലേ മറുപടി പറയുവാൻ നിവൃത്തിയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. ബാലകൃഷ്ണൻ : ശിങ്കാരത്തോപ്പ് ഹരിജനങ്ങളുടെ താമസത്തിനായി വിട്ടുകൊടുക്കുന്നതിനു ഇനിയും എത്ര കാലതാമസം വേണ്ടിവരും എന്നു പറയാമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : വലിയ കാലതാമസം വേണ്ടി വരും എന്നു തോന്നുന്നില്ല.

ശ്രീ. പി. രവീന്ദ്രൻ : ഹരിജനങ്ങൾക്കു ഭൂമി കൊടുക്കുന്നതിലേയ്ക്കു് ഭൂമി പൊന്നുംവിലയ്ക്കു് എടുക്കുന്നതിനും ക്രിപ്തമായ വില നിശ്ചയിച്ചു കാലതാമസം കൂടാതെ കൊടുക്കുന്നതിനും വല്ല പ്രത്യേക ഏർപ്പാടും ചെയ്തിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : പ്രത്യേകമായിട്ടു ചില ഏർപ്പാടുകളുണ്ടു്. പാലക്കാടു്, കോഴിക്കോടു്, കണ്ണൂർ, തൃശ്ശൂർ ഈ നാലു ഡിസ്ട്രിക്റ്റുകളിലേയ്ക്കുമായി ഒരു സ്പെഷ്യൽ താസിൽദാരെ വച്ചിട്ടുണ്ടു്. അതുപോലെ എറണാകുളം, ആലപ്പുഴ, കോട്ടയം ഈ മൂന്നു ഡിസ്ട്രിക്റ്റുകളിലേയ്ക്കുമായി ഒരു സ്പെഷ്യൽ താസിൽദാരുമുണ്ടു്. ബാക്കി സ്ഥലങ്ങളെ സംബന്ധിച്ചിടത്തോളം അതാതു സ്ഥലങ്ങളിലെ താസിൽദാരന്മാർ തന്നെ ഇതുസംബന്ധിച്ചുള്ള നടപടികളും നടത്തിക്കൊണ്ടിരിക്കുന്നുണ്ടു്.

ഹരിജനക്ഷേമവകുപ്പിന്റെ കീഴിലുള്ള സഹകരണസംഘങ്ങൾ

* 467. [2] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജനക്ഷേമവകുപ്പിന്റെ കീഴിലുള്ള സഹകരണസംഘങ്ങൾ എത്ര ;

(ബി) ഓരോ ഡിസ്ട്രിക്റ്റിലും എത്രവീതം ;

(സി) തൃശ്ശൂർ ജില്ലയിലുള്ള നെടുപുഴ 201—ാം നമ്പർ വിവിധോദ്ദേശ സഹകരണസംഘത്തിൽനിന്നു് എന്തെങ്കിലും മെമ്മോറാണ്ടം ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിൽ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ എന്തെല്ലാം;

(ഈ) അതിന്മേൽ ഗവണ്മെന്റു് എടുത്ത നടപടികൾ എന്തെല്ലാം ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) 311

(ബി)

തിരുവനന്തപുരം	78
കൊല്ലം	53
ആലപ്പുഴ	16
കോട്ടയം	32
എറണാകുളം	29
തൃശ്ശൂർ	54
പാലക്കാടു്	24
കോഴിക്കോടു്	13
കണ്ണൂർ	12

(സി) ഇല്ല.

(ഡി, ഈ) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : ഇതിൽ ആകെ മുന്നൂറിലധികം സഹകരണസംഘങ്ങൾ ഉണ്ടെന്നു പറയുന്നു. അതിനു ആകെയുള്ള മൂലധനം എത്രയാണു് എന്നും, ഇതിൽ ആകപ്പാടെ എത്ര മെമ്പറന്മാരുണ്ടെന്നും പറയാൻ ദയവുണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly